# നമ്മുടെ ബലി ജീവിച്ചിരിക്കുന്നവർക്കു വേണ്ടി നമ്മുടെ വീടുകളിൽ വെച്ചായിരിക്കട്ടെ

ബലിപെരുന്നാൽ സുദിനങ്ങളിൽ അല്ലാഹുവിന് വേണ്ടി കന്നുകാലികളെ അറുക്കുന്നതാണ് ഉദ്ഹിയ്യത്ത്. അത് ഇസ്‌ലാമിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു: «അതിനാൽ നീ നിന്റെ റബ്ബിനു വേണ്ടി നമസ്കരിക്കുകയും അറവ് നടത്തുകയും ചെയ്യുക». (കൗസർ 2)

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസിൽ, «നബി ﷺ തടിച്ചുകൊഴുത്ത രണ്ടാടുകളെ ബലി നൽകി, അവിടുത്തെ തൃക്കൈ കൊണ്ടുതന്നെ അവയെ അറുത്തു, അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു, തക്ബീർ ചൊല്ലി, തന്റെ പാദം അവയുടെ മുഖത്ത് വെച്ചു» എന്നാണുള്ളത്. അതേപ്രകാരം ഇബ്നു ഉമർ ؓ പറയുന്നത്, «നബി ﷺ മദീനയിൽ താമസിച്ച പത്തുവർഷവും ഉദ്ഹിയ്യത്തു നടത്തി» എന്നാണ്. ഇത് ഹസൻ വിഭാഗത്തിൽപെട്ട സ്വീകാര്യയോഗ്യമായ ഹദീസാണെന്ന് തിർമുദി പറയുന്നു.

പെരുന്നാൾ നമസ്കാരത്തിനു ശേഷമാണ് ഉദ്ഹിയ്യത്ത് നിർവ്വഹിക്കേണ്ടത്. നബി ﷺ പറയുന്നു: «ആർ ഈദ്നമസ്കാര ശേഷം അറവുനടത്തിയോ അവന്റെ കർമ്മം പൂർണ്ണമായി; അവന് മുസ്‌ലിംകളുടെ ചര്യയും കിട്ടി». (ബുഖാരി, മുസ്‌ലിം)

ഒരു മുസ്‌ലിം സമർപ്പിക്കുന്ന ഉദ്ഹിയ്യത്ത് ന്യൂനതകളിൽനിന്ന് മുക്തമായിരിക്കണം. ഒരു കണ്ണ് പൊട്ടിയത്, പ്രകടമായ രോഗങ്ങളുള്ളത്, മെലിഞ്ഞൊട്ടിയത് പോലുള്ളവ ഉദാഹരണം. അത്തരം ന്യൂനതകൾ ഉദ്ഹിയ്യത്തിന്റെ സ്വീകാര്യതക്ക് തടസ്സമാണ്. സമാനമായതോ അതിനെക്കാൾ കടുത്തതോ ആയ ന്യൂനതകൾ അതിലേക്ക് ചേർക്കപ്പെടും; കാഴ്ചയില്ലാത്തത് ഉദാഹരണം.

ഉദ്ഹിയ്യത്ത് അല്ലാഹുവിന്നുള്ള സമർപ്പണമാണ്, നബി ﷺ യുടെ പ്രബലമായ ചര്യയാണ്. സ്വന്തം നാട്ടിൽ കുടുംബാംഗങ്ങൾക്കും അനുചരന്മാർക്കിടയിൽ വെച്ചാണ് അവിടുന്ന് ഉദ്ഹിയ്യത്ത് നിർവ്വഹിച്ചത്.

ജനങ്ങളിൽ നിന്ന് പൈസ വാങ്ങി, അവരുടെ ഉദ്ഹിയ്യത്ത് ഇതര മുസ്‌ലിം നാടുകളിൽ നടത്താം എന്നുള്ള പല ജീവകാരുണ്യ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും ആഹ്വാനം ഈ മതചിഹ്നം ഇല്ലായ്മ ചെയ്യുന്നതിനും, അവരുടെ മക്കളും കുടുംബാംഗങ്ങളുമടക്കമുള്ള മുസ്‌ലിംകളിൽനിന്ന് അതിനെ മറച്ചുപിടിക്കുന്നതിനുമുള്ള വഴിയാണ്. ഇത്തരം ഏജൻസികളെ ഉദ്ഹിയ്യത്തിന്റെ വില ഏൽപിക്കുന്നവർ യഥാർത്ഥത്തിൽ ചെയ്യുന്നത്:

1- ഈ മതചിഹ്നം പ്രകടിപ്പിക്കുന്നത് തടയിടുകയാണ്.

2- ഉദ്ഹിയ്യത്തുമായി നേർക്കുനേരെ ഇടപഴകാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ്. നബി ﷺ യുടെ ചര്യ അതാണ്. സ്വന്തം തൃക്കൈ കൊണ്ടാണ് അവിടുന്ന് തന്റെ ഉദ്ഹിയ്യത്ത് അറുക്കാറുണ്ടായിരുന്നത്.

3- അതേപ്രകാരം, അതിൽനിന്ന് ഭക്ഷിക്കാനുള്ള അവസരം സ്വയം നഷ്ടപ്പെടുത്തുകയാണ്. അല്ലാഹു പറയുന്നു. «നിങ്ങൾ അതിൽനിന്ന് ഭക്ഷിക്കുകയും, കഷ്ടപ്പെടുന്നവരെയും പാവങ്ങളെയും ഭക്ഷിപ്പിക്കുകയും ചെയ്യുക». (ഹജ്ജ്: 28) ഉദ്ഹിയ്യത്തിൽനിന്ന് ഭക്ഷിക്കുന്നത് പുണ്യകർമ്മമാണ്; അല്ലാഹുവിനുള്ള ഉബൂദിയ്യത്താണ്. നബി ﷺ ഉദ്ഹിയ്യത്തിൽനിന്ന് ഭക്ഷിക്കാൻ കല്പിച്ചിട്ടുണ്ട്. അതെ, ഉദ്ഹിയ്യത്ത് നടത്താൻ മറ്റൊരാളെ ചുമതലപ്പെടുത്തൽ അനുവദനീയമാണ്. നബി ﷺ തന്നെ അലി ബിൻ അബീ ത്വാലിബ് ؓ വിനെ ചു

മതലപ്പെടുത്തിയിട്ടുമുണ്ട്. പക്ഷെ, ബലി നിർവ്വഹിക്കുന്നത് തന്റെ അടുത്തു വെച്ച് സ്വന്തം വീട്ടിൽ ആയിരിക്കട്ടെ. അല്ലെങ്കിൽ സ്വന്തം നാട്ടിലായിരിക്കട്ടെ. അവനത് വീക്ഷിക്കുകയും അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്യാമല്ലോ.

ഉദ്ഹിയ്യത്തിന്റെ ലക്ഷ്യം മാംസമോ അത് പാവങ്ങൾക്ക് വിതരണം ചെയ്യലോ അല്ല. അല്ലാഹു പറയുന്നു: «അവയുടെ മാംസമോ അവയുടെ രക്തമോ അല്ലാഹുവിലേക്ക് എത്തുന്നില്ല. മറിച്ച് നിങ്ങളിൽനിന്നുള്ള തഖ്‌വയാണ് അവന് എത്തുന്നത്». (ഹജ്ജ്: 37) ഒരാൾ നൂറ് ഒട്ടകത്തിന്റെ മാംസം അവയെ അറുക്കാതെ, മാംസ വില്പനക്കാരന്റെ അടുക്കൽനിന്ന് വാങ്ങി വിതരണം ചെയ്താൽ അത് ഉദ്ഹിയ്യത്തിന് മതിയാവില്ലെന്നത് മുസ്‌ലിംകൾക്കിടയിൽ സമവായമുള്ള കാര്യമാണ്. ഇത് അർത്ഥമാക്കുന്നത് ഉദ്ഹിയ്യത്ത് ഉദ്ദേശിക്കുന്നവർ അറവ് നടത്തി അല്ലാഹുവിനു സമർപ്പിക്കുകയാണ് മാംസത്തിന്റെ പ്രയോജനത്തെ കുറിച്ച് ആലോചിക്കുന്നതിനു മുമ്പ് ചെയ്യേണ്ടത്.

ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയാണ് ഉദ്ഹിയ്യത്ത് നിർവ്വഹിക്കേണ്ടത്; മൺമറഞ്ഞവർക്കു വേണ്ടിയല്ല. നബി ﷺ ഹംസ رضي الله عنه വിന് വേണ്ടി ഉദ്ഹിയ്യത്ത് നടത്തിയിട്ടില്ല. അദ്ദേഹമാണല്ലോ തന്റെ ഏറ്റവും അടുത്ത ചോര.

നാം അല്ലാഹുവിനോട് യാചിക്കുക, നമ്മിൽനിന്നും നിങ്ങളിൽനിന്നും അവൻ സുകൃതങ്ങൾ സ്വീകരിക്കുമാറാകട്ടെ, അഥവാ നബി ﷺയും അനുചരന്മാരും എന്താണോ കാണിച്ചത് അതേ രീതിയിൽ അനുഷ്ഠിക്കുന്ന സുകൃതങ്ങൾ സ്വീകരിക്കട്ടെ, ആമീൻ.

[ശൈഖ് മുഹമ്മദ് അൽ അൻജരിയുടെ ലേഖനം, അൽ ഖബ്സ് പത്രം 10-02-2003 ന് പ്രസിദ്ധീകരിച്ചത്]
(മൊഴിമാറ്റം നടത്തിയത് | അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്)

---

## أضاحينا في بيوتنا لأحيائنا

الأضحية: هي ما يذبح لله من بهيمة الأنعام أيام عيد الأضحى، وهي من شعائر الإسلام؛ فقد قال الحق تعالى: ﴿فصل لربك وانحر﴾

وفي الصحيحين: «أن النبي ﷺ ضحى بكبشين أملحين، ذبحهما بيده الشريفة، وسمى وكبر، ووضع رجله على صفاحهما»، وكما أخبر ابن عمر رضي الله عنه: «أن النبي صلى الله عليه وسلم أقام في المدينة عشر سنين يضحي» وقال الترمذي: حديث حسن.

والأضحية تكون بعد صلاة العيد، قال ﷺ: «من ذبح بعد الصلاة فقدتم نسكه وأصاب سنة المسلمين» رواه البخاري ومسلم.

ويجب أن تكون أضحية المسلم خالية من العيوب؛ كالعور أو المرض البين أو الهزال، فهذه العيوب مانعة من إجزاء الأضحية، ويلحق بهذه العيوب: ما كان مثلها أو أشد منها؛ كالعمى.

والأضحية قربة إلى الله جل وعلا، وهي سنة مؤكدة عن النبي ﷺ: فالنبي ﷺ ذبح أضحيته في بلده وبين أهله وأصحابه.

أما الدعوة التي تدعو إليها الكثير من الجمعيات والهيئات الخيرية بأخذ الأموال من الناس لذبح أضاحيهم في بلدان المسلمين، إنما هي سبيل وطريق لتحطيم هذه الشعيرة وإخفائها عن المسلمين، بمن فيهم الأهل والأبناء، فمن دفع قيمة الأضاحي لهذه اللجان:

١- منع من إظهار هذه الشعيرة

٢- وفوت على نفسه مباشرة أضحيته، وهي سنة النبي ﷺ، فقد كان يذبح عليه الصلاة والسلام أضحيته بيده الشريفة

٣- ويفوته كذلك سنية الأكل منها، فقد قال الله تعالى: ﴿فكلوا منها وأطعموا البائس الفقير﴾، فإن الأكل من الأضحية قربة إلى الله عز وجل وعبودية له، وقد أمر النبي ﷺ بالأكل من الأضاحي، نعم يجوز التوكيل، كما وكل النبي ﷺ علي بن أبي طالب، ولكن لتكن التضحية عنده في بيته أو في بلده ليشاهدها ويأكل منها.

فليس المقصود من الأضاحي اللحم وتوزيعه على الفقراء، فقد قال الله تعالى: ﴿لن ينال الله لحومها ولا دماؤها ولكن يناله التقوى منكم﴾، فلو تصدق الإنسان بلحم مائة بعير دون أن ينحرها، وإنما اشتراها من بائع اللحم، فإن ذلك لا يجزئه بالاتفاق، وهذا يدل على أن بالأضحية يتقرب إلى الله تعالى بذبحها قبل أن ينظر إلى منفعة لحمها.

والأضحية للحي لا للميت، فلم يضح النبي ﷺ عن عمه حمزة رضي الله عنه وهو المقرب له.

فنسأل الله عز وجل أن يتقبل منا ومنكم صالح العمل، على ما كان عليه النبي ﷺ وأصحابه.

[مقالة منشورة في جريدة القبس بتاريخ ٢٠٠٣/٠٢/١٠م]
بقلم الشيخ/ أبي عثمان محمد العنجري حفظه الله